ഉത്തരം

(എ & ബി) ഡോക്ടർ മാർക്കും ആദിശേഷയ്യാ കമ്മീഷൻ റിപ്പോർട്ട് സർവകലാശാലാ നിയമത്തിലെ വ്യവസ്ഥകളനുസരിച്ച് കേരള കോഴിക്കോട് സർവകലാശാലകളുടെ സെനറ്റിന്റെ പ്രതിഗണനയ്ക്കായി അയച്ചുകൊടുത്തിട്ടുണ്ട്. കോഴിക്കോടു സർവ്വകലാശാലാ സെനറ്റിന്റെ റിപ്പോർട്ട് കിട്ടിയിട്ടില്ല.

കൊളീജിയേറ്റ് എഡ്യൂക്കേഷൻ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ് ആലപ്പുഴയിൽ സ്ഥാപിക്കാൻ നടപടി

1208. [1816] ശ്രീ. എ. വി. താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) കൊളീജിയേറ്റ് എഡ്യൂക്കേഷൻ ഡയറക്ടറേറ്റിന്റെ ഒരു ഡപ്യൂട്ടി ഡയറക്ടർ ഓഫീസ് ആലപ്പുഴയിൽ തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്ന് പ്രാവർത്തികമാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.
(ബി) ചോദ്യം ഉദിക്കുന്നില്ല.

മലപ്പുറം ജില്ലയിലെ ട്രെയിനിംഗ് കോളേജ്

1209. [1819] ശ്രീ. പി കെ. കുഞ്ഞാലിക്കുട്ടി :
,, കെ. പി. എ. മജീദ് :
,, പി. സീതിഹാജി :
,, ഇ. ടി. മുഹമ്മദ് ബഷീർ :
,, നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

മലപ്പുറം ജില്ലയിൽ പുതിയ ട്രെയിനിംഗ് കോളേജ് തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

പുതിയ കോളേജുകൾ തുടങ്ങുന്നതിനെപ്പറ്റി തീരുമാനം ആയിട്ടില്ല.

മലപ്പുറം ജില്ലയിലെ ട്രെയിനിംഗ് സ്കൂളുകൾ

1210. [1820] ശ്രീ. എം. പി. എം. ഇസ്ഹാക് കുരിക്കൾ :
,, ഇ. ടി. മുഹമ്മദ് ബഷീർ :
,, കെ. പി. എ. മജീദ് :
,, പി. കെ. കുഞ്ഞാലിക്കുട്ടി :
,, നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) 1961-ന് ശേഷം മലപ്പുറം ജില്ലയിൽ ട്രെയിനിംഗ് സ്കൂളുകൾ അനുവദിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) ഇവിടെ അടിയന്തിരമായി ട്രെയിനിംഗ് സ്കൂളുകൾ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly